LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടി

14 (14) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതല്ലാത്ത എത്ര കേസുകൾ തീർപ്പാക്കിയെന്ന് അറിയിക്കുമോ; ഇപ്രകാരമുള്ള കേസുകളിൽ മുമ്പ് ഒരിക്കലും സർക്കാരിന്റെ പരിഗണനയിൽ വരാത്തവ എത്രയായിരുന്നു; ഏതെല്ലാം ഇനങ്ങളിൽപ്പെട്ട കേസ്സുകളാണ് ഇപ്രകാരം തീർപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി സർക്കാർ ഓഫീസുകളിൽ പരിഹരിക്കപ്പെടാത്ത എത്ര കേസ്സുകൾ ആലപ്പുഴ ജില്ലയിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടുവെന്ന് അറിയിക്കുമോ; ഇത്തരം കേസുകൾ പരിഹരിക്കുവാൻ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ എങ്ങനെയാണ് അപ്രകാരമുള്ള കേസുകൾ പരിഹരിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതല്ലാത്ത 7,604 കേസുകൾ തീർപ്പാക്കി.

(ബി) വർഷങ്ങളായി സർക്കാർ ഓഫീസുകളിൽ പരിഹരിക്കപ്പെടാത്ത എത്ര കേസ്സുകൾ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടുവെന്ന വിവരം ലഭ്യമല്ല. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മന്ത്രി ഓഫീസുകളിലെ വാഹന വിനിയോഗം

15(15) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മന്ത്രിമാർക്കും അവരുടെ ആഫീസിനുംവേണ്ടി സർക്കാർ അനുവദിച്ച വാഹനങ്ങളെ സംബന്ധിച്ചും അത് സംബന്ധമായ വ്യവസ്ഥകളും വിശദമാക്കാമോ ;

(ബി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില മന്ത്രിമാരും ആഫീസും അവരുടെ വകുപ്പിൻകീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം മന്ത്രിമാർ/ആഫീസ് ഏതെല്ലാം സ്ഥാപനങ്ങളുടെ ഏതെല്ലാം നമ്പരുകളിലുള്ള വാഹനങ്ങൾ താൽക്കാലികമായോ സ്ഥിരമായോ ഉപയോഗിച്ചു വരുന്നുണ്ട്; വിശദമാക്കാമോ ;

(ഡി) മന്ത്രി/ആഫീസിന്റെ ആവശ്യാർത്ഥം ഡ്രൈവർമാരുടെ സേവനം/വാഹനം വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഇവ ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) സർക്കാർ ജീവനക്കാർക്ക് മാതൃകയാകേണ്ടുന്ന മന്ത്രിമാരുടെ ആഫീസുകൾ നിയമവിരുദ്ധമായി വാഹനങ്ങൾ ഉപയോഗിക്കുന്നത് ശരിയാണോ ; ഇത്തരം ദുർവിനിയോഗങ്ങൾ കണ്ടെത്തി അവസാനിപ്പിക്കാമോ ?

ഉത്തരം

(എ) മന്ത്രിമാർക്കും അവരുടെ ആഫീസിനും വേണ്ടി സർക്കാർ അനുവദിച്ച വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'എ' യിൽ ചേർക്കുന്നു*. മന്ത്രിമാർ ഔദ്യോഗിക പദവി ഏറ്റെടുക്കുന്ന മുറയ്ക്ക് ഓരോ കാർ വീതം നൽകുന്നതാണ് ടൂറിസം വകുപ്പിൽ പിന്തുടർന്നുവരുന്ന രീതി.

(ബി-ഇ) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

കേന്ദ്ര ബഡ്ജറ്റിലെ അവഗണന

16 (16) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് ബജറ്റിൽ പരിഗണിക്കപ്പെടാതെപോയ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഏതെല്ലാം കാര്യങ്ങളിൽ ഏതെല്ലാം മന്ത്രിമാരിൽ നിന്നും പുതിയ ഉറപ്പുകൾ ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ;

(സി) മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം 3-3-2015 നും 28-5-2015-നും മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച് പ്രധാനമന്ത്രി, കേന്ദ്ര മന്ത്രിമാരായ ശ്രീ. നിതിൻ ജയറാം ഗഡ്കരി, ശ്രീ. അരുൺ ജയ്റ്റ്ലി എന്നിവരെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊല്ലം, അഴീക്കൽ ഉറമുഖ പദ്ധതിക്കുവേണ്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly